# 62

# അറബിമലയാള രചനകൾ

ഡോ. ടി. മുഹമ്മദലി

ചരിത്രജ്ഞാനം ഏതൊരു ജനതയുടെയും അഭിമാനകരമായ നിലനില്പിന്റെ ആധാരശിലകളിലൊന്നാണ്. വൈയക്തികസ്മരണകൾ എത്രത്തോളം ഒരു വ്യക്തിയെ സ്വാധീനിക്കുന്നുവോ, അത്രതന്നെ ചരിത്രജ്ഞാനം സമൂഹങ്ങളെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ ചരിത്രാവബോധത്തിന്റെ പ്രകാശനം രേഖീയവും കാര്യകാരണബദ്ധവുമായ ആഖ്യാനപദ്ധതിയെ പിൻപറ്റിയേ തീരൂ എന്ന ആധുനിക യൂറോപ്യൻ കാഴ്ചപ്പാട് അംഗീകരിക്കാവുന്നതല്ല. സമൂഹങ്ങൾ അവരുടെ സാമൂഹികരാഷ്ട്രീയ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ സവിശേഷമായ രചനാരൂപങ്ങളിലൂടെ ചരിത്രാവബോധം പ്രകാശനം ചെയ്തേക്കാം. അവ ആധുനികചരിത്രരചനാരൂപങ്ങൾക്കു സദൃശമാവണമെന്നില്ല. അതതു സമൂഹങ്ങൾക്ക് അവരുടെ സവിശേഷമായ സംവേദനമാധ്യമങ്ങൾ ഉണ്ടാവാം. അവയുടെ വരുതിയിൽ നിന്നുകൊണ്ടു മാത്രമേ ചരിത്രാവിഷ്കാരവും സാധ്യമാവൂ. ഇത് പ്രധാനമായും രണ്ടു രീതിയിലായിരിക്കും. ആഖ്യാനശരീരത്തിൽ മറച്ചുവെച്ച് ചരിത്രാവബോധത്തെ പ്രകാശനം നടത്തുന്നതാണ് (Embedded history) ഒന്നാമത്തേത്. പ്രകടമായിത്തന്നെ ചരിത്രബോധത്തെ വെളിപ്പെടുത്തുന്നതാണ് (Externalized history) രണ്ടാമത്തെ രീതി. രണ്ടും ഒരേ കാലഘട്ടത്തിൽത്തന്നെ കാണാമെങ്കിലും ചരിത്രസന്ദർഭം ആവശ്യപ്പെടുന്നതനുസരിച്ചായിരിക്കാം ഈ രണ്ട് രീതികളും ചരിത്രബോധപ്രകാശത്തിന് ഉപയോഗിച്ചിട്ടുണ്ടാവുക.[1] (Dr M.G.S.Narayanan, Perumals of Kerala, Calicut 1996, Page 211). അറബിമലയാള സാഹിത്യത്തിലെ ചരിത്രമൂല്യങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഉദ്ഭൂതകാഴ്ചപ്പാടുകൾ പരിഗണനീയമാണ്.

അറബികളും കേരളീയരും തമ്മിൽ ഇസ്ലാമിന്റെ ഉയർച്ചയ്ക്കു മുൻപുതന്നെ കച്ചവടബന്ധമുണ്ടായിരുന്നു. എന്നാൽ ഭാഷാപരമായി പരിമിതബന്ധങ്ങൾക്കു മാത്രമേ ഈ സൗഹൃദം ഇടം നല്കിയുള്ളൂ എന്നു വേണം കരുതാൻ. ഇസ്ലാമിന്റെ വളർച്ചയോടെ അറബിഭാഷയ്ക്കു പവിത്രത കൈവരുകയും ഇസ്ലാംമതം ആശ്ലേഷിക്കുന്നവർക്ക് അറബിഭാഷ അവശ്യം പഠിക്കേണ്ടിവരികയും ചെയ്തു. ഒമ്പതാം നൂറ്റാണ്ടുകൾമുതൽ മുസ്ലിങ്ങൾ കേരളത്തിൽ ജീവിച്ചിരുന്നു എന്നതിന് എതിരഭിപ്രായമില്ല. ജാത്യാചാരനിബദ്ധമായ കേരളത്തിലെ പരമ്പരാഗതസമൂഹത്തിന് അകത്തുനിന്ന് ഇസ്ലാംമതം ആശ്ലേഷിച്ചവർ

പരമ്പരാഗതസംസ്കാരത്തിന്റെ ഘടനയോടൊട്ടി നിന്നുകൊണ്ട് ജീവിച്ചുവന്നു. പന്ത്രണ്ടാംനൂറ്റാണ്ടിനുശേഷം വളർന്നുവന്ന സ്വരൂപങ്ങളും നാടുവാഴികളുമടങ്ങുന്ന പുതിയ രാഷ്ട്രീയഘടനയിൽ മുസ്‌ലിങ്ങൾ അധികാരസ്ഥാനങ്ങൾ നേടിയതായി കാണാം.

കുഞ്ഞാലിമരയ്ക്കാർമാരുടെയും കോഴിക്കോട് ഖാസിമാരുടെയും സാമൂതിരിക്കു കീഴിലെ വളർച്ച ഇത് വെളിവാക്കുന്നുണ്ട്. മലബാറിൽ പലയിടത്തും മാപ്പിളമൂപ്പന്മാർ ഉയർന്നുവന്നത് ഈ രാഷ്ട്രീയകാലാവസ്ഥയിലാണ്. ഇത് സ്വാധീനശക്തിയുള്ള ഒരു ഇസ്‌ലാം മതസമൂഹത്തിന്റെ വളർച്ചയുടെ ഒരു സൂചകമാണ്. അങ്ങനെ കേരളത്തിലെ സാമൂഹ്യരാഷ്ട്രീയ ജീവിതത്തിൽ ഇഴുകിച്ചേർന്ന് ജീവിച്ച മുസ്‌ലിങ്ങൾ ഇടപെട്ട വ്യാവഹാരികമണ്ഡലങ്ങളിൽ വളർന്നുവന്ന അറബിഭാഷാ, സ്വാധീനമുള്ള ഒരു ഭാഷാഭേദമായി വേണം അറബിമലയാളത്തെക്കാണാൻ. കേവലം ഒരു ലിപിയിലേക്കു മാത്രം ഇതിനെ ഒതുക്കുന്നത് ചരിത്രപരമല്ല.

മഹോദയപുരത്തെ പെരുമാക്കന്മാരുടെ കാലത്ത് തമിഴ്, സംസ്കൃതം എന്നിവയ്ക്കു പുറമേ ദേശഭാഷയും രേഖകളിലും മറ്റും ഉപയോഗിച്ചിട്ടുണ്ടായിരുന്നു. പിൽക്കാലപെരുമാക്കന്മാരുടെ കാലത്ത് ധാരാളം രേഖകൾ ദേശഭാഷയിൽ എഴുതപ്പെട്ടിരുന്നെങ്കിലും അപഭ്രംശമായിമാത്രം കരുതിപ്പോന്ന ഈ ഭാഷ ഒരിക്കലും ഒരു സാഹിതീഭാഷയായി വളർന്നുവന്നിട്ടുണ്ടായിരുന്നില്ല[2] (Romila Thapar, Interpreting Early India, 1992, OUP, Page 137-173). പെരുമാക്കന്മാരുടെ അധഃപതനാനന്തരം മേൽ സൂചിപ്പിച്ച പന്ത്രണ്ടാംനൂറ്റാണ്ടിലെ രാഷ്ട്രീയ മാറ്റം ബ്രാഹ്മണമേധാവിത്വം ഊട്ടി ഉറപ്പിക്കുന്നതായിരുന്നു. സ്വാഭാവികമായും അധികാരവ്യവഹാരങ്ങളിൽ സംസ്കൃതം തമിഴിനേക്കാൾ മേൽക്കൈ നേടുകയായിരുന്നു. അതോടൊപ്പം ദേശഭാഷയെ സംസ്കൃതഭാഷയുടെ അധീശത്വത്തിന് അകത്ത് മെരുക്കിയെടുക്കുകയും ചെയ്തു.

സംസ്കൃതം സ്വാഭാവികമായും രാഷ്ട്രീയ സാംസ്കാരികാധിപത്യത്തിന്റെ സ്രോതസ്സും കുലീനസംസ്കൃതിയുടെ പ്രകാശനമാധ്യമവുമായി നിലകൊണ്ടു. കേരളം നാടുവാഴിസ്വരൂപങ്ങളുടെ കൈകളിലായിരുന്ന ഈ ഘട്ടത്തിൽ ധാരാളം പ്രാദേശിക അധികാരരൂപങ്ങളും അവരുടെ സവിശേഷമായ വ്യാവഹാരികലോകവും നാട്ടുഭാഷയിൽ വമ്പിച്ച വികാസമുണ്ടാക്കി. സംസ്കൃതത്തിൽനിന്ന് വേറിട്ട് മലയാളം രൂപപ്പെടുന്നത് ഇക്കാലത്തായിരിക്കാം.[3] (ഡോ.കെ.എൻ.ഗണേഷ്, *കേരളത്തിന്റെ ഇന്നലെകൾ*, 1997, തിരുവനന്തപുരം, Page 302-304) പിന്നീട് 'ഗ്രന്ഥ'ലിപി ഉപയോഗിച്ച് മലയാളം വരമൊഴിയായി മാറി. തുഞ്ചത്തെഴുത്തച്ഛനടക്കമുള്ള മധ്യകാലപണ്ഡിതന്മാരുടെ ശ്രമങ്ങൾ ഇത് വെളിവാക്കുന്നുണ്ട്. സംസ്കൃതത്തിൽനിന്ന് ഭാഷയെ മോചിപ്പിച്ചു എന്ന് ഇവിടെ പറയാമെങ്കിലും സംസ്കൃതസ്വാധീനമുള്ള വിജ്ഞാനവ്യവഹാരമൂല്യങ്ങളെത്തന്നെയാണ് മോചിതഭാഷയിലും ആവിഷ്കരിച്ചിട്ടുള്ളത്.

ഇതേകാലത്തുതന്നെ ഈ സംസ്കൃതിയുടെ മണ്ഡലങ്ങളിൽ ഒരു സമാന്തര ഭാഷാലോകം നിലനില്ക്കുന്നുണ്ടായിരുന്നു. തമിഴ് ഭാഷയുടെ അടിത്തറയിൽ

നാടോടികളുടെയും ബ്രാഹ്മണസ്വാധീനം കുറഞ്ഞ വിഭാഗങ്ങളും അവരുടെ ഭൗതികതകളെയും അവയെ ചൂഴ്ന്നുനില്ക്കുന്ന സാംസ്കാരികപ്രതലത്തെയും പ്രകാശിപ്പിക്കുന്ന ഒരു സംസ്കൃതേതര വാമൊഴിരൂപങ്ങൾ ഉയിരെടുക്കുന്നതുകാണാം. അധികാരമണ്ഡലങ്ങളിൽനിന്ന് അകലംനിന്ന ജാതികളും വർഗങ്ങളും സവിശേഷമായ വാമൊഴി പാരമ്പര്യങ്ങൾ നിലനിർത്തിപ്പോന്നു. ഈ പാരമ്പര്യങ്ങളെ സ്വാധീനിക്കാൻ കുലീന സംസ്കൃതിയുടെ വിനിമയഭാഷയായ സംസ്കൃതത്തിനാവില്ലായിരുന്നു. പണിയർ, കുറുമർ, വേടർ തുടങ്ങിയ ഗിരിവർഗഭാഷകൾക്കു പുറമേ മാപ്പിളഭാഷയും ഈ ഗണത്തിൽപ്പെടുന്നു. തങ്ങളുടെ ജീവിതപരിസരങ്ങളെയും മതബദ്ധമായ സാംസ്കാരികലോകത്തെയും ആവിഷ്കരിച്ച മാപ്പിളമൊഴിക്ക് അറബിയിലെ 'നസ്ഖി' ലിപിക്ക് ചില മാറ്റങ്ങൾ വരുത്തി ഉപയോഗിച്ച് വരമൊഴിരൂപം പ്രാപിക്കുന്നേടത്താണ് അറബിമലയാളത്തിന്റെ ഉത്ഭവം.

മലയാള ഭാഷാപിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ കൃതികൾ പുറത്തു വരുന്നതിനു മുൻപു തന്നെ അറബിമലയാളത്തിലെ ആദ്യകൃതി പിറന്നിരുന്നു[4]. (സി.എൻ.അഹമ്മദ് മൗലവിയും കെ.കെ.മുഹമ്മദ് അബ്ദുൽ കരീമും, *മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം*). ഖാസി മുഹമ്മദിനാൽ വിരചിതമായ *മുഹ്‌യദ്ദീൻ മാല* ലഭ്യമായതിൽവെച്ച് ഏറ്റവും പഴക്കംചെന്ന അറബിമലയാളകൃതിയാണ്. പ്രസിദ്ധ സൂഫി പണ്ഡിതനായിരുന്ന അബ്ദുൾ ഖാദർ ജീലാനിയെ പുകഴ്ത്തുന്ന ഈ കവിത മലബാർ മുസ്ലിങ്ങൾക്ക് ഖുർആൻ കഴിഞ്ഞാൽ ഏറ്റവും വന്ദിക്കപ്പെട്ട കൃതിയായിരുന്നു. പതിനാറാംനൂറ്റാണ്ടിൽ ആരംഭിച്ച ഈ രചനാപാരമ്പര്യം ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടുകൾവരെ സജീവമായിരുന്നു. പത്തൊൻപതാംനൂറ്റാണ്ടിന്റെ പാതിയോടെ അച്ചടിവിദ്യ വളർന്നുവന്നു. ഇതോടെ അറബിമലയാള സാഹിത്യത്തിന് മുൻപില്ലാത്ത വിധം വികാസവും പ്രചാരവും സിദ്ധിച്ചു. 1868 മുതൽ 1920 വരെയുള്ള ഈ കാലഘട്ടത്തിൽ മലയാളത്തിലെ ഒട്ടുമിക്ക വിജ്ഞാനങ്ങളും അറബിമലയാളത്തിൽ ലഭ്യമായിരുന്നു എന്നു മനസ്സിലാക്കാം.

അറബിമലയാളകൃതികളുടെ ഉള്ളടക്കവും വികാസവും നിരീക്ഷിച്ചാൽ അവ വിവിധ ഘട്ടങ്ങളിലൂടെ വളർന്നുവന്നതായി കാണാം. 16-ാം നൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ട് വരെ പ്രധാനമായും സൂഫിഭക്തിയും ഇസ്ലാമിക ചരിത്രവും മതദർശനങ്ങളുമായിരുന്നു അറബിമലയാളത്തിന്റെ ഉള്ളടക്കം. ജാത്യാധിഷ്ഠിത സാമൂഹിക രാഷ്ട്രീയ സംവിധാനത്തിൽ തങ്ങളുടെ സവിശേഷമായ വിശ്വാസാചാരങ്ങൾ കൊണ്ടു നടക്കുകയും സാമൂഹികരാഷ്ട്രീയ ധിക്കാരങ്ങൾ സ്ഥാപിച്ചെടുക്കുകയും മറ്റു ജാതികൾക്കിടയിൽ ഒരു ജാതിയായി രൂപം പ്രാപിക്കുകയും കലഹലേശമെന്യേ ജീവിച്ചു പോരുകയും ചെയ്ത മാപ്പിളമാരുടെ കവനങ്ങളായിരുന്നു ഈ ഘട്ടത്തിലെ അറബിമലയാളസാഹിത്യം. അവരുടെ ആന്തരചോദനങ്ങളും സാംസ്കാരികപ്രമേയങ്ങളും എന്തായിരുന്നു എന്ന് ഈ കാലഘട്ടത്തിലെ കൃതികൾ കാണിച്ചുതരും. അതേസമയം പോർച്ചുഗീസുകാരുടെ അതിക്രമങ്ങൾമൂലം മാപ്പിളമാർ അനുഭവിച്ച

കഷ്ടപ്പാടുകൾ സൃഷ്ടിച്ച പ്രതിരോധബോധം അറബിഭാഷയിലാണ് ആവിഷ്കരിക്കപ്പെട്ടത്. പൊന്നാനിയിലെ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ രചിച്ച 'തഹ്‌രീറു അഹ്‌ലിൻ ഈമാൻ', സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ എഴുതിയ *തുഹ്ഫത്തുൽ മുജാഹിദീൻ, മുഹ്‌യിദ്ദീൻ മാല*യുടെ കർത്താവു കൂടിയായ ഖാസി മുഹമ്മദ് എഴുതിയ *ഫത്ത്ഹുൽമുബീൻ* എന്നീ കൃതികൾ ഇതിന്റെ മുഖ്യോദാഹരണങ്ങളാണ്. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലെ മലബാർ ചരിത്രം വരച്ചുകാട്ടുന്ന ഈ കൃതികൾ മലബാറിലെ മുസ്‌ലിങ്ങൾ പോർച്ചുഗീസുകാരുടെ വരവിനാൽ അനുഭവിച്ച കഷ്ടപ്പാടുകളുടെ ഒരു സാഹിതീപ്രതികരണവും ഇവയുടെ ഉള്ളടക്കം പോർച്ചുഗീസു കാലഘട്ടത്തിലെ ചരിത്രവുമാണ്. ഇതെന്തുകൊണ്ട് അറബിമലയാളത്തിൽ അപ്രാപ്യമായി എന്നുള്ളത് ഒരു കൗതുകമുള്ള അന്വേഷണവിഷയമാണ്. ഇക്കാലത്തു രചിക്കപ്പെട്ട *മുഹ്‌യിദ്ദീൻമാല*യും തുടർന്നുവന്ന *കപ്പപ്പാട്ട്, നൂൽമാല* തുടങ്ങിയ ആദ്യകാല അറബിമലയാളകൃതികളും നല്കുന്നത് ആത്മസംസ്കരണത്തിന്റെ ലഹരിയും കർമനിഷ്ഠയുടെ കരുത്തുംപേറി ലളിതമായ ജീവിതം നയിക്കുന്ന ഒരു മാപ്പിളസമൂഹത്തിന്റെ ചിത്രമാണ്. പ്രകടചരിത്രത്തിന്റെ വസ്തുതാവിവരങ്ങൾ ഇവിടെയില്ല. പകരം രചനാകാലയളവിലും അതിനുമുൻപും ഉണ്ടായിരുന്ന മാപ്പിള ജീവിതത്തിലെ ബഹുവർണങ്ങളെ അടരുകളായി മാറ്റിയെടുക്കാൻ കഴിഞ്ഞേക്കാം.

അറബിമലയാളസാഹിത്യം അതിന്റെ വളർച്ചയുടെ പാരമ്യത്തിലെത്തുന്നത് അച്ചടിവിദ്യയുടെ പ്രചാരത്തോടെയാണ്. 1868 മുതൽ തലശ്ശേരിയിൽ ബാസൽ മിഷൻകാർ തന്നെ ധാരാളം പ്രസ്സുകൾ സ്ഥാപിച്ചു. പിന്നീട് കേരളത്തിലങ്ങോളമിങ്ങോളം അറബിമലയാള പ്രസ്സുകൾ ഉയർന്നുവന്നു. ഇതോടെ മാപ്പിളമാർ സാഹിത്യപ്രവർത്തകരും പ്രോക്താക്കളുമായി മാറി. നബിചരിത്രത്തിലെ സുപ്രധാനസംഭവങ്ങൾ, സൂഫിവര്യന്മാരുടെ അത്ഭുതസിദ്ധികൾ, മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങൾ, ഇസ്‌ലാംമതപാഠങ്ങൾ, ആയുർവേദകാണ്ഡങ്ങൾ എന്നിവയ്ക്കു പുറമേ ദൈനംദിനജീവിതത്തെ രസകരമായി ആവിഷ്കരിക്കുന്ന തേങ്ങാപ്പാട്ട്, മാങ്ങാപ്പാട്ട്, എലിപ്പാട്ട്, തീവണ്ടിപ്പാട്ട് തുടങ്ങി ധാരാളം കൃതികൾ അറബിമലയാളത്തിൽ ഇതോടെ വെളിച്ചംകണ്ടു.

വികാസത്തിന്റെ ഈ ഘട്ടത്തിലാണ് പ്രകടചരിത്രരചനകൾ ധാരാളമായി അറബിമലയാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. രണ്ടു തലങ്ങളിലാണ് ഇവ ആവിഷ്കൃതമാവുന്നത്. ഇസ്‌ലാമിന്റെ അരുണോദയകാലത്തെ പ്രവാചകന്റെയും അനുയായികളുടെയും ജീവിതചരിത്രത്തിലെ സുപ്രധാനസംഭവങ്ങളുടെ ആഖ്യാനങ്ങൾ ഒരു തലത്തിൽ അവതരിപ്പിക്കുമ്പോൾ കേരളചരിത്രത്തിലെ സുപ്രധാനസംഭവങ്ങളുടെ ആഖ്യാനങ്ങൾ മറ്റൊരു തലത്തിലും അറബിമലയാളത്തിൽ അനുഭവവേദ്യമാവുന്നുണ്ട്. പടപ്പാട്ട് രൂപങ്ങളിൽ ആവിഷ്കരിച്ച ഈ രണ്ടു തലങ്ങളും രചനാകാലയളവിലെ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ വളർന്നുവന്നതാവാം. ഏത് തരത്തിലുള്ള ചരിത്രരചനയും വർത്തമാനത്തിന്റെ ആവശ്യങ്ങളെ ഭൂതകാലത്തിൽ കണ്ടെത്താൻ ശ്രമിക്കുകയും ഭൂതകാല

വർണങ്ങൾ വർത്തമാനത്തിൽ പതിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്ന കാര്യം ഇവിടെ പ്രസക്തമാണ്.

പത്തൊൻപതാം നൂറ്റാണ്ടോടെ ഒരു പുതിയ സാമൂഹികവ്യക്തിത്വം മുസ്ലിം സമൂഹത്തിനു കൈവരുന്നുണ്ട്. മലബാർ പൂർണമായും കോളനി ആധിപത്യത്തിൽ അമരുന്ന ഈ ചരിത്രമുഹൂർത്തത്തിൽ ഇടത്തരം കർഷകരും വെറും പാട്ടക്കാരും കർഷകത്തൊഴിലാളികളുമടങ്ങുന്ന ഈ പ്രദേശം മുസ്ലിങ്ങൾ സാമ്പത്തിക-സാമൂഹിക അധികാര രംഗങ്ങളിൽ നിന്ന് അന്യവത്കരിക്കപ്പെട്ടിരുന്നു എന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. പത്തൊമ്പതാം നൂറ്റാണ്ടുമുതൽ മലബാറിൽ രൂപംപൂണ്ട മാപ്പിളകലാപങ്ങൾക്കു പശ്ചാത്തലമൊരുക്കിയത് ഈ ചരിത്രസന്ധിയാണ്. നിലനിൽപ്പിനുവേണ്ടിയുള്ള പ്രതിരോധങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഈ ഘട്ടത്തിൽ പടപ്പാട്ടുകളിലൂടെ ആവിഷ്കൃതമായ ചരിത്രാഖ്യാനങ്ങൾ പ്രതിരോധങ്ങൾക്ക് ഒരു പ്രത്യയശാസ്ത്രാടിത്തറ നല്കിയിട്ടുണ്ടാവണം. അറബിമലയാളഭാഷയുടെ പ്രചരണംതന്നെ ഈ ചരിത്രസന്ധിയിലെ ഒരു സാംസ്കാരികപ്രതിരോധത്തിന്റെ പ്രതിഫലനമാണ് എന്നതുകൂടി ഇവിടെ പരിഗണിക്കേണ്ടതാണ്. ഈ തലത്തിൽ നിന്നുകൊണ്ട് അറബിമലയാളകൃതികളുടെ ആമൂലപരിശോധനയ്ക്ക് പ്രസക്തി ഏറെയുണ്ട്. സ്ഥലപരിമിതി കാരണം പ്രതിപാദനം മോയിൻകുട്ടി വൈദ്യരുടെ കൃതികളിലേക്കു ചുരുക്കുന്നു.

മഹാകവി മോയിൻകുട്ടി വൈദ്യരുടെ കൃതികൾ ഈ ഘട്ടത്തിൽ പ്രകടമായ ഒരു ഉദാഹരണമാണ്. *വണ്ടും പൂവും, സലാസീൽ, എലിപ്പട, ബദ്റുൽ മുനീർ ഹുസുനുൽ ജമാൽ* തുടങ്ങിയ ദൈനംദിനജീവിത ചുറ്റുപാടുകളെ വിഷയീഭവിച്ച കാവ്യങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും വൈദ്യർ എഴുതിയ പടപ്പാട്ടുകളിലൂടെയാണ് അദ്ദേഹം പ്രസിദ്ധനായത്. *ബദ്റ്പട, ഉഹ്ദ്പട, മലപ്പുറംപട* എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ പടപ്പാട്ടുകൾ. പ്രകൃതിയും പക്ഷിമൃഗാദികളും പ്രണയവും കവനവിഷയമാക്കിയ കവിതന്നെയാണ് തികച്ചും വ്യത്യസ്തമായ പടപ്പാട്ടുകൾ എഴുതുന്നത്. ജീവിതാഭിമാനം അന്യപ്പെട്ടുപോയ കൊളോണിയൽ സാഹചര്യത്തിൽ മാപ്പിളമാർ പ്രതീക്ഷയോടെ നോക്കിയത് ഇസ്ലാമിന്റെ അരുണോദയകാലത്തെ ചരിത്രത്തിലേക്കാണ്. മലബാറിലെ ബ്രിട്ടീഷ് വിരുദ്ധസമരങ്ങൾക്ക് ഇവ ഊടും പാവും നല്കി. പ്രവാചകനും സഹചാരികളും നടത്തിയ യുദ്ധാനുഭവങ്ങളുടെ സഞ്ചിതസ്മൃതികൾ അറബിമലയാളത്തിലൂടെ മാപ്പിളമനസ്സുകളിലേക്കു പകർത്തിയത് ഈ കൃതികളാണ്. വൈദ്യരുടെ പടപ്പാട്ടുകളിലും പ്രതിഫലിച്ചത് രക്തസാക്ഷിത്വത്തോടുള്ള അഭിനിവേശമാണ്. 1836 മുതൽതന്നെ ആരംഭിച്ച ബ്രിട്ടീഷ് വിരുദ്ധസമരങ്ങളുടെ മദ്ധ്യേ നിന്നുകൊണ്ടായിരുന്നുവല്ലോ വൈദ്യരുടെ രചനകൾ രൂപം കൊണ്ടത്. മലബാറിലെ മാപ്പിളസാഹചര്യങ്ങൾക്കു സമാനതയേറെയുള്ള ആദികാല ഇസ്ലാമികചരിത്രസന്ധികളെ പുനരാവിഷ്കരിക്കുന്നതിലൂടെ സമരാവേശങ്ങളെ വർത്തമാനമനസ്സിലേക്കു സന്നിവേശിപ്പിക്കുവാനാണ് വൈദ്യർ ശ്രമിച്ചത്. വർഷങ്ങൾ നീണ്ടുനിന്ന പീഡനങ്ങൾ

സഹിക്കാനാവാതെ സ്വദേശം വിട്ട് പുറത്തുപോവേണ്ടിവന്ന പ്രവാചകനും അനുചരന്മാരും നിലനില്പിനു വേണ്ടി നടത്തിയ സായുധപ്രതിരോധമായിരുന്നുവല്ലോ ബദ്റിലും ഉഹ്ദിലും ഉണ്ടായത്.

ഏതാണ്ട് സമാനമായി മലബാറിൽ നടന്ന ഒരു സായുധ പ്രതിരോധമാണ് *മലപ്പുറംപട*യിൽ വൈദ്യർ ആവിഷ്കരിച്ചത്. സംഭവം നടന്ന് 15-ാം വർഷത്തിനു ശേഷമായിരുന്നു *മലപ്പുറംപട* രചിക്കപ്പെട്ടത്. മലപ്പുറത്തെ മുസ്ലിങ്ങളെ ഉന്മൂലനാശം വരുത്താൻ ശ്രമിച്ച നാടുവാഴിക്കെതിരായുള്ള സമരമായിരുന്നു മലപ്പുറം പട. സന്ദിഗ്ഘട്ടത്തിൽ ഒരു ചെറുജനത നടത്തിയ ഈ സായുധ പ്രതിരോധത്തിന്റെ സഞ്ചിതസ്മരണ ആവിഷ്കരിക്കപ്പെടുമ്പോഴും ചരിത്രത്തെ വർത്തമാനത്തിലേക്കു വഴി നടത്തുകയാണ് വൈദ്യർ. മലപ്പുറത്ത് വന്ന് ധാരാളം പഠിച്ചന്വേഷിച്ച് എഴുതിയതാണ് *മലപ്പുറംപട.* കാവ്യത്തിലെ ചില ഭാഗങ്ങളുടെ നാടകീയത മാറ്റിനിർത്തിയാൽ എണ്ണംപറഞ്ഞ ഒരു ചരിത്രകൃതിയാണ് ഇത്. കേരളത്തിൽ ഇസ്ലാം മതം എത്തിച്ചേർന്നതിന്റെ ചരിത്രം വരച്ചുകാട്ടിയാണ് കാവ്യം തുടങ്ങുന്നത്. സ്വരൂപങ്ങളും സാമന്തന്മാരും നിറഞ്ഞ മലബാറിന്റെ പൂർവചരിത്രവും അന്ന് നിലവിലുണ്ടിരുന്ന പാട്ടം പിരിവിന്റെ നേർചരിത്രങ്ങളും പാട്ടിൽ വിശദമാക്കുന്നുണ്ട്. ഈ സംഭവത്തിന്റെ ലഭ്യമായ ചരിത്രം വൈദ്യരുടെ ഈ കൃതിയിൽ മാത്രമാണ് ലഭ്യമാവുന്നത്. *ബദ്റ് ഉഹ്ദ്* എന്നീ പടപ്പാട്ടുകളിൽ ആവിഷ്കരിച്ച അറേബ്യൻ ചരിത്രത്തിലേക്ക് കേരളചരിത്രത്തെ കണ്ണിചേർക്കുകയായിരുന്നു ഈ കൃതികൾ. മലപ്പുറംപടയുടെ ചരിത്രം വസ്തുതാപരമായിത്തന്നെ വിവരിക്കുന്നത് ഇവിടെ കാണാം. പടയുടെ പശ്ചാത്തലവും സംഭവക്രമങ്ങളും പ്രത്യവസാനവുമെല്ലാം ഒരു ചരിത്രകാരന്റെ ശ്രദ്ധയോടെ കവി വിശദീകരിക്കുന്നുണ്ട്.

കോളനിവിരുദ്ധസമരത്തിന്റെ തീനാളങ്ങൾ മലബാറിൽ പടർന്നുപിടിക്കുമ്പോൾ പടപ്പാട്ടുകളിലൂടെ മാപ്പിളമാർക്ക് സമരോത്തേജനം നല്കുകയായിരുന്നില്ലേ വൈദ്യർ? രചനാരൂപം എന്ന നിലയ്ക്ക് മാപ്പിളപ്പാട്ടിനെ സ്വീകരിച്ച വൈദ്യർ മാപ്പിളപ്പാട്ടിന്റെ സുവർണകാലത്തിന്റെ പ്രതിനിധിയാണ്. സാങ്കേതികതകൊണ്ടും ബഹുഭാഷാപദാവലികൊണ്ടും മറ്റും വൈദ്യരുടെ കൃതികൾ ക്ലേശകരമായിരുന്നുവെങ്കിലും വൈദ്യരുടെ പടപ്പാട്ടുകൾ പ്രചാരം നേടുന്നത് മലബാറിലെ അന്നത്തെ പ്രതിരോധസമര കാലാവസ്ഥയാലായിരിക്കും.

ഇങ്ങനെ ഗദ്യരൂപത്തിലും പാട്ടുരൂപത്തിലും ധാരാളം കൃതികൾ അറബിമലയാളത്തിൽ പ്രകാശിതമായിട്ടുണ്ട്. അവ മറഞ്ഞും തെളിഞ്ഞും ചരിത്രാംശങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇസ്ലാമികചരിത്രത്തിനു പുറമെ കേരളചരിത്രവും പ്രാദേശികചരിത്രവും മറ്റും അറബിമലയാളത്തിൽ ലഭ്യമാണ്. അവയുടെ പൂർണമായ അവലോകനം ഇവിടെ അസാധ്യമാണ്. ഉള്ളടക്കത്തിന്റെ കാര്യമെടുത്താൽ മാപ്പിളപ്പാട്ടിൽ മറ്റൊരു ഘട്ടംകൂടി കാണാവുന്നതാണ്. ഇത് സ്വാതന്ത്ര്യാനന്തര കാലത്തിന്റെ സ്വാധീനത്തിൽ വന്നതാവാം. ഈ ഘട്ടത്തെ പ്രതിനിധീകരിക്കുന്ന പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികൾ മാത്രം ഇവിടെ പരിഗണിക്കുകയാണ്. ഹൈദറിന്റെതടക്കമുള്ള ഈ ഘട്ടത്തിലെ കൃതികൾക്ക്

ഒരു പുതിയ മുഖം വന്നതായി കാണാവുന്നതാണ്. സവിശേഷമായ സങ്കേതങ്ങളും സങ്കരഭാഷാപ്രധാനമായ ആവിഷ്കാരവും ഹൈദറിന്റെ കൃതികളിൽ കാണുന്നില്ല. തന്റെ കൃതികൾ ഏറനാടിന്റെ തനതായ വാമൊഴിപാരമ്പര്യം പച്ചയായിത്തന്നെ വരമൊഴിയിലേക്കു മാറ്റി ലളിതമായി അവതരിപ്പിച്ചവയാണ്.

കൃതിയിലെ ഉള്ളടക്കമാറ്റം ശ്രദ്ധേയമാണ്. പടപ്പാട്ടുകൾ ഇവിടെ കാണുന്നേ ഇല്ല. തന്റെ ചുറ്റും നടക്കുന്ന സംഭവങ്ങളായിരുന്നു പൊതുവേ ഹൈദറിന്റെ കൃതികളിലെ പ്രമേയങ്ങൾ. രണ്ടായിരത്തോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ചുരുക്കം ചില രചനകൾ മാറ്റിനിർത്തിയാൽ ഗൗരവമായ രചനകൾ ഇല്ലതന്നെ. ഏറനാട്ടിലെ സാധാരണ കാഴ്ചകളാണ് കവിയെ ആകർഷിച്ചിട്ടുള്ളത്. *കാളപ്പൂട്ട്, നരിനായാട്ട്, കോലാർയാത്ര, ഷൊർണൂർ യാത്ര, വെള്ളപ്പൊക്കമാല, മറിയക്കുട്ടിയുടെ കത്ത്* എന്നിങ്ങനെ അനേകം കൃതികൾ പുലിക്കോട്ടിനു ചുറ്റും നടന്ന സംഭവങ്ങളുടെ ആവിഷ്കാരമായിരുന്നു. അദ്ദേഹം ഗൗരവമായി എഴുതിയ ചുരുക്കം ചില കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് *കേരളചരിത്രം* എന്ന കൃതിയാണ്. ചേരമാൻപെരുമാളിന്റെ ഇസ്‌ലാം മതസ്വീകാരം ചരിത്രപരമായി അവതരിപ്പിക്കുകയാണ് ഇതിൽ. മോയിൻകുട്ടി വൈദ്യരുടെ *മലപ്പുറംപട*യുടെ ആരംഭത്തിലും ഈ ഭാഗം ആവിഷ്കരിച്ചിട്ടുണ്ട് എന്ന് ഇവിടെ സ്മരിക്കേണ്ടതാണ്.

കേരളത്തിലെ മുസ്‌ലിങ്ങളിൽ പരിഷ്കരണത്വര സജീവമായ സമയം കൂടിയായിരുന്ന ഹൈദറിന്റെ കാലം *കലിയുഗം, കാതുകുത്ത്മാല, ദുരാചാരമാല*തുടങ്ങിയ കൃതികൾ തന്റെ സമുദായത്തിലെ ദുരാചാരങ്ങൾക്കെതിരെയുള്ള ഉദ്ഘോഷങ്ങളായിരുന്നു. ചില രാഷ്ട്രീയപ്പാട്ടുകളും ഹൈദർ എഴുതിയിട്ടുണ്ട്.

പുലിക്കോട്ടിലിന്റെ കൈയിൽ മാപ്പിളപ്പാട്ടിനു വന്ന ഈ മാറ്റം ദേശചരിത്രത്തിന്റെ പൊതുവേയും മാപ്പിളചരിത്രത്തിൽ പ്രത്യേകിച്ചും വന്ന മാറ്റങ്ങളെ വെളിപ്പെടുത്തുന്നുണ്ട്. കലാപാനന്തര മലബാറിലെ രാഷ്ട്രീയാടിച്ചമർത്തലിന്റെ കാഠിന്യവും ദാരിദ്ര്യത്തിന്റെ ആഴവും സ്ത്രീത്വത്തിന്റെ ദൈന്യതകളും ധാർമികത്തകർച്ചകളും ലളിതമായ ശൈലിയിൽ ഹൈദർ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്വാതന്ത്ര്യാനന്തരം നടന്ന രാഷ്ട്രീയമുന്നേറ്റങ്ങളും സമൂഹത്തിന്റെ മാറ്റങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ ഒളിഞ്ഞും തെളിഞ്ഞും കാണാവുന്നതാണ്.

ചുരുക്കത്തിൽ കേരളത്തിലെ സാമൂഹികമാറ്റങ്ങളും ചരിത്രവും മനസ്സിലാക്കിയെടുക്കുവാൻ തക്ക വിവരങ്ങളും ഉൾക്കാഴ്ചകളും പകർന്നുനല്കുന്ന ഒരു ബൃഹത്തായ ഭാഷാലോകംതന്നെ അറബിമലയാളം തുറന്നിട്ടുണ്ട്. ഈ നാട്ടുഭാഷാഭേദത്തിന്റെ വളർച്ചാഘട്ടങ്ങൾ കേരളചരിത്രത്തിന്റെ മുഖ്യസന്ധികളുമായി ഇഴചേർന്നുകിടക്കുന്നവയാണ്. രചനാപരിസരങ്ങളുടെ സ്വഭാവത്തിനനുസരിച്ച് ഉള്ളടക്കങ്ങളിലും ആവിഷ്കാരരീതികളിലും രചനാരൂപങ്ങളിലും വ്യത്യാസം കാണാം. തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളിൽ കാണുന്നതുപോലെ തന്നെ ആദ്യകാല അറബിമലയാള രചനകളിലും ഭക്തിക്ക് പ്രാമുഖ്യം

കാണാം. കോളനിവാഴ്ച വേരാഴ്ന്നുവരികയും പരമ്പരാഗതാവകാശങ്ങളും അധികാരങ്ങളും നിഷേധിക്കപ്പെടുകയും ചെയ്തപ്പോൾ രൂപംകൊണ്ട പ്രതിരോധപ്രധാനമായ ഒരു ചരിത്രസന്ധിയിൽ അറബിക്കടലിന്റെ പ്രോക്താക്കൾ പ്രതിരോധസാഹിത്യങ്ങൾക്കു പകരം പരിഷ്ക്കരണ പ്രവണതകളുടെയും ദേശീയ പൗരത്വപ്രശ്നങ്ങളുടെയും സാമൂഹികപ്രശ്നങ്ങളുടെയും ചേരുവകൾ കൊണ്ടാണ് അറബിമലയാളം സമ്പുഷ്ടമാക്കുന്നത്. അങ്ങനെ അറബിമലയാളത്തിന്റെയും കേരളചരിത്രത്തിന്റെ വളർച്ചാഘട്ടങ്ങൾ ഇഴപിരിഞ്ഞുകിടക്കുന്നതുകാണാം.